**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **04-02-2026 - ൽ മറുപടിയ്ക്ക്**

**വയനാട് ഉരുൾപൊട്ടലിൽ ഉണ്ടായിട്ടുള്ള കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ സംഭവിച്ച ആകെ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | **വയനാട്ടിലെ മുണ്ടക്കൈ ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ 420 കർഷകർക്ക് 57,40,376/- രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.** |
| (ബി) | വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ പുന:രുപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ നഷ്ടപ്പെട്ടുപോയ കൃഷി ഭൂമിയുടെ അളവ് എത്രയാണെന്നറിയിക്കാമോ; | (ബി) | വയനാട്ടിലെ മുണ്ടക്കൈ ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ 23.681 ഹെക്ടർ കൃഷിഭൂമിയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പുനരുപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ കൃഷിഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. |
| (സി) | വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്നും നഷ്ടപ്പെട്ടുപോയ കൃഷി ഭൂമിക്ക് പകരം ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | എയിംസ് പോർട്ടൽ വഴി 420അപേക്ഷകൾ ലഭ്യമാകുകയും ആയതിൽ 49,90,219/- രൂപ സംസ്ഥാന വിഹിതവും 7,50,157/- രൂപ കേന്ദ്ര വിഹിതവും ഉൾപ്പെടെ ആകെ 57,40,376/- രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 23,681 ഹെക്ടർ കൃഷിഭൂമി നഷ്ടപ്പെട്ടതിന് 300 കർഷകർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 287 കർഷകർക്ക് 19,04,290/- രൂപ വിതരണം ചെയ്തു. 13 കർഷകർക്ക് 65,000/- രൂപ വിതരണം ചെയ്യുവാനുണ്ട്. ആയത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ